450221/2017/FMLS
31/8/17

# കേരള സർക്കാർ

## സംഗ്രഹം

**ജീവനക്കാര്യം—സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം എസ്.എൽ.ആർ. (Seasonal Labour Roll) വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുകൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

## ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഉപദേശ-സി) വകുപ്പ്

**സ. ഉ. (കൈയെഴുത്ത്) നമ്പർ 13/2017/ഉ.ഭ.പ.വ.** *തിരുവനന്തപുരം, 2017 മേയ് 27.*

---

പരാമർശം :—24-5-1999-ലെ സ. ഉ. (പി) നമ്പർ 12/99/പി & എആർഡി.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ജോലിയിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് നിലവിൽ യോഗ്യതയുള്ളത്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 4-ൽ 'സർക്കാർ ജീവനക്കാർ' എന്ന വിഭാഗത്തിന് നൽകിയിട്ടുള്ള നിർവ്വചനം താഴെ പറയുംപ്രകാരമാണ്:

*'Government Servants' shall include contingent and work establishment personnel, part-time employees, N.M.R. Workers, Seasonal employees under various Government Departments, Permanent Labourers of the Agriculture Department and Panchayat employees.*

2. മേൽ നിർവ്വചനത്തിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ വിഭാഗങ്ങളിൽ Seasonal Employees under various Government Departments എന്ന വിഭാഗത്തിൽ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന എസ്.എൽ.ആർ. (Seasonal Labour Roll)



APCCF
APCCF (FMIS)

ജീവനക്കാരെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. വിവിധ വകുപ്പുകളിൽ സേവനം ചെയ്തുവരുന്ന എസ്.എൽ.ആർ. ജീവനക്കാരുടെ ആശ്രിതർക്കുകൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം ബാധകമാക്കണമെന്നും ആവശ്യമുയർന്നിരുന്നു. ഇതിനുപുറമെ Seasonal Employees under various Government Departments എന്ന ഖണ്ഡിക 4-ൽ പ്രതിപാദിച്ചിട്ടുള്ള വിഭാഗത്തിൽ എസ്.എൽ.ആർ. ജീവനക്കാർ കൂടി ഉൾപ്പെടുമോ എന്നതു സംബന്ധിച്ചും വിവിധ വകുപ്പുകളിൽ അവ്യക്തത നിലനിന്നിരുന്നു. ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന എസ്.എൽ.ആർ. ജീവനക്കാരുടെ ആശ്രിതർക്ക് കൂടി നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന എസ്.എൽ.ആർ. (Seasonal Labour Roll) ജീവനക്കാരുടെ ആശ്രിതർക്കുകൂടി നിലവിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത്, ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സത്യജീത്ത് രാജൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

*പകർപ്പ്:—*

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം
(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ/കേരള വെറ്ററിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

---

മേലെഴുത്ത് നം. ഇ6- 38093/17, തീയതി 26.08.17

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി എല്ലാ PCCF/APCCF/CCF/CF മാർക്കും നൽകുന്നു. വകുപ്പിന്റെ വെബ്സൈറ്റിൽ കൂടി പ്രസിദ്ധീകരിക്കാൻ APCCF(FMIS) നോട് അഭ്യർത്ഥിക്കുന്നു.

[signature]

E APCCF (ഭരണം)